**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2656** **27-02-2023 - ൽ മറുപടിയ്ക്ക്**

**ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിലെ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ സഹകരണ വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | ബി.എസ്.എൻ.എൽ എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ ഭരണവിഭാഗവും ആഡിറ്റ് വിഭാഗവും പരിശോധന നടത്തിയിട്ടുണ്ട്.തിരുവനന്തപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 44,28,21,950/- രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി സംശയിച്ച് സമർപ്പിച്ചിരുന്ന പ്രാഥമിക റിപ്പോർട്ട് വഞ്ചിയൂർ പോലീസ് സ്റ്റേഷനിലും തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർക്കും സമർപ്പിച്ചിട്ടുള്ളതും ആയതിൻ പ്രകാരം ക്രൈം നമ്പർ 1266/22 നമ്പരായി ക്രൈം രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തി വരുകയുമാണ്.കൂടാതെ ടി കുറ്റകൃത്യത്തിന്റെ വ്യാപ്തി വളരെ കൂടുതലായതിനാൽ പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിലേയ്ക്ക് കേസ് കൈമാറുകയും പ്രത്യേക ടീം രൂപീകരിച്ച് അന്വേഷണം നടന്നു വരുകയും ചെയ്യുന്നു.നിലവിൽ ക്രൈം നമ്പർ 81/CB/TVM/2023 U/S 408,409,420,477A&34 IPC വകുപ്പ് പ്രകാരം ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം അന്വേഷണം നടത്തി വരികയും ചെയ്യുന്നു.കൂടാതെ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി വരികയാണ്.അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ 146 കോടിയിലധികം രൂപയുടെ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഘത്തിൽ തട്ടിപ്പ് നടത്തിയ പ്രതികൾ വാങ്ങിയ അനധികൃത സ്വത്തുക്കൾ കണ്ടുകെട്ടാൻ സഹകരണ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | തട്ടിപ്പ് നടത്തിയവർക്കെതിരെ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും ആയതിന്റെ ഭാഗമായി ടിയാളുകളുടെ വിവരങ്ങൾ ലഭ്യമായ വസ്തുക്കളിന്മേൽ ‘Conditional Attachment' നടത്തിയിട്ടുണ്ട്.ടിയാളുകളുടേയും ബന്ധുക്കളുടേയും |

| | | | |
|---|---|---|---|
| | | | കൂടുതൽ വസ്തുവകകൾ കണ്ടെത്തുന്നതിന് രജിസ്ട്രേഷൻ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സഹായം തേടിയിട്ടുണ്ട്. |
| (സി) | തട്ടിപ്പിന്റെ ഭാഗമായി പണം നഷ്ടപ്പെട്ടവർക്ക് പണം തിരിച്ചുനല്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും, ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നു വരുന്നു.ആയവ പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപം തിരികെ നൽകുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ